ശക്തമായ വിധത്തിൽ ഇടപെടണമെന്നും അത് തിരുത്താൻ ആവശ്യമായ നടപടി എടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : കേന്ദ്രഗവൺമെന്റ് കാലോചിതമായി തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കണമെന്ന നിർദ്ദേശത്തിന്റെ പേരിൽ തൊഴിലാളികൾക്ക് ദോഷകരമായ പല നടപടികളും സ്വീകരിച്ചു വരുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. അത് എന്തായാലും പ്രവർത്തി പഥത്തിൽ വരുമ്പോൾ പൊതുവേ തൊഴിലാളികൾക്ക് പ്രതിഷേധാത്മകമായ പലതും അതിൽ ഉണ്ടാകുമെന്നാണ് പല സന്ദർഭങ്ങളിലും അതിനെപ്പറ്റി ചർച്ച നടത്തിയപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. 1383 മുതൽ കേരള ട്രേഡ് യൂണിയൻ റിക്കഗ്നിഷൻ ബിൽ പാസ്സാക്കാൻ ശ്രമിക്കുകയാണ്ടായി. 1999-ൽ ലഭ്യമാക്കിയ കരട് ബിൽ ട്രേഡ് യൂണിയനുകൾക്ക് അയച്ചു കൊടുത്ത ശേഷം അത് ചർച്ചയ്ക്കു വിധേയമാക്കുകയും ചെയ്തു. ഈ ബില്ലിൽ ഒരു സ്ഥാപനത്തിൽ ആകെയുള്ള തൊഴിലാളികളുടെ 15%-ത്തിൽ കുറയാതെ (30% എന്ന് താൽക്കാലികമായി വച്ചിട്ടുണ്ട്) അംഗത്വമുള്ള യൂണിയനുകൾക്ക് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നു. ഇതിൽ കൂടുതൽ അംഗത്വം വേണമെന്ന് കേന്ദ്ര ബില്ലിൽ വ്യവസ്ഥ ചെയ്യുന്ന പക്ഷം അതിനെ നമുക്ക് എതിർക്കേണ്ടി വരും. ഇതുവരെയും സംസ്ഥാന ലേബർ വകുപ്പിന് ഇത്തരത്തിലുള്ള കേന്ദ്ര ബിൽ അവതരിപ്പിക്കുന്ന വിവരം ആധികാരികമായി കിട്ടിയിട്ടില്ല. വസ്തുതകൾ മനസ്സിലാക്കിയശേഷം തൊഴിലാളികളുടെ താൽപ്പര്യത്തെ സംരക്ഷിക്കാൻ ആവശ്യമായ ഗൗരവതരമായ നടപടി ഗവൺമെന്റ് സ്വീകരിക്കും. കേന്ദ്രഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നതുമാണ്.

(13) കൊടുവള്ളി ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് മേജർ സെക്ഷൻ ആഫീസ് ആക്കേണ്ടതിന്റെ ആവശ്യകത.

ശ്രീ. സി. മൊയീൻ കുട്ടി : സർ, കൊടുവള്ളി ഇലക്ട്രിസിറ്റി സെക്ഷൻ ആഫീസ് മേജർ സെക്ഷൻ ആഫീസ് ആക്കി മാറ്റണമെന്ന ആവശ്യമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. ഇതുസംബന്ധിച്ച എല്ലാ ഫോർമാലിറ്റീസും പൂർത്തിയായതാണ്. 15,000-ത്തിൽപരം ഉപഭോക്താക്കളാണ് ഈ മേഖലയിലുള്ളത്. 8,000 ഉപഭോക്താക്കൾ ഉണ്ടെങ്കിൽ സ്വാഭാവികമായും മേജർ സെക്ഷൻ ആക്കണമെന്നാണ് വ്യവസ്ഥ. ഏറെക്കുറെ ഇതിന്റെ ഇരട്ടിയോളം ഉപഭോക്താക്കളുണ്ട്. 45 കെ. എം. 11 കെ. വി. ലൈനും 335 കെ.എം. എസ്.ടി. ലൈനും 1200-ൽപ്പരം തെരുവു വിളക്കുകളുമുണ്ട്. 45-ഓളം ട്രാൻസ്ഫോർമറുകളുമുണ്ട്. 4 പഞ്ചായത്തുകൾക്ക് പൂർണ്ണമായും 3 പഞ്ചായത്തുകൾക്ക് ഭാഗീകമായും ഗുണം ചെയ്യുന്ന ഈ സെക്ഷൻ ആഫീസ് അപ്പ്ഗ്രേഡ് ചെയ്യുകയാണെങ്കിൽ അത്യാവശ്യമായ സ്ഥലവും മറ്റ് സൗകര്യങ്ങളും ചെയ്യുന്നതാണ്. അതുകൊണ്ട് അതിനുവേണ്ടി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കൊടുവള്ളി ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് മേജർ സെക്ഷൻ ആഫീസ് ആയി ഉയർത്തണമെന്ന് കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം സഭയിൽ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതു കൂടാതെ തന്നെ നേരത്തെ നിവേദനം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ടു നൽകാൻ ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് എൻജീനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡ് ഇപ്പോൾ പുനഃസംഘടനാ നടപടിയിൽ ഏർപ്പെട്ടിരിക്കുകയാണ്. എപ്രിൽ മേയ് മാസത്തോടുകൂടിയാണ് അതിന്റെ പുനഃ സംഘടനാ ക്രമീകരണം ഉദ്ദേശിച്ചിരിക്കുന്നത്. തുടർന്നാണ് സെക്ഷൻ ആഫീസുകൾ മേജർ സെക്ഷൻ ആഫീസ് ആയിട്ട് ഉയർത്താൻ ഉദ്ദേശിച്ചിട്ടുള്ളത്. ആ ഘട്ടത്തിൽ നോംസ് അനുസരിച്ച് നടപടി ക്രമങ്ങൾ പൂർത്തികരിച്ച് കഴിഞ്ഞിട്ടുള്ള ഈ ആവശ്യം പരിഗണിക്കുന്നതാണ്.

(14) ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന താൽക്കാലിക ജീവനക്കാരുടെ പ്രയാസങ്ങൾ

<u>ശ്രീമതി റോസമ്മ ചാക്കോ</u> : ആരോഗ്യവകുപ്പിൽ ഇന്ന് പ്രവർത്തിക്കുന്ന 1800 ഓളം പേരുടെ ബുദ്ധിമുട്ടുകളാണ് ഞാൻ ഇവിടെ അവതരിപ്പിക്കാൻ പോകുന്നത്. താൽക്കാലിക ജീവനക്കാരായി ഡി.എം.ഒ. നിയമിച്ചവരാണ് ഇവരെല്ലാം മൂന്നു മുതൽ 8 വർഷം വരെ അവർക്ക് സർവ്വീസുണ്ട്. പലരും പ്രായപരിധി കഴിഞ്ഞവരുമാണ്. ഇനിയൊരു പി.എസ്.സി. ടെസ്റ്റ് എഴുതാൻ അവർക്ക് കഴിയുകയില്ല. അവർക്ക് ശമ്പളം മാത്രം കിട്ടുമെന്നല്ലാതെ സർക്കാർ ജീവനക്കാർക്കുള്ള മറ്റ് യാതൊരു ആനുകൂല്യവും കിട്ടുന്നില്ല. അതുകൊണ്ട് ഇവരെ സ്ഥിരപ്പെടുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (<u>ശ്രീ. വി. സി. കബീർ</u>) : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ബോണ്ട് അടിസ്ഥാനത്തിലും താൽക്കാലിക നിയമനം ലഭിച്ച സ്റ്റാഫ് നഴ്സുമാർ വിവിധ കാരണങ്ങളാൽ ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. 1-11-1987-നു മുമ്പ് താൽക്കാലികമായി സർവ്വീസിൽ പ്രവേശിച്ചവരും 13-1-95-ന് 7 വർഷം പൂർത്തിയാക്കിയവരുമായ വിവിധ വകുപ്പുകളിൽ സർവ്വീസിൽ തുടരുന്നവരെ സർവ്വീസിൽ സ്ഥിരപ്പെടുത്താനുള്ള നടപടികൾ ഭരണപരിഷ്കാര വകുപ്പിന്റെ പരിഗണനയിലിരിക്കെ 1-11-1991-ന് മുമ്പുള്ള താൽക്കാലിക സർവ്വീസ് പരിശോധിച്ച 1-11-1997-ന് 5 വർഷം പൂർത്തിയാക്കിയവരെകൂടി സ്ഥിരപ്പെടുത്തുന്ന കാര്യം പരിശോധിക്കുകയുണ്ടായി. എന്നാൽ ഇതുസംബന്ധിച്ച് അന്തിമ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. അതിനുശേഷം 1-1-1994-ന് മുമ്പ് താൽക്കാലിക നിയമനം ലഭിച്ചവരും 1-11-1997-ന് മുന്നു കൊല്ലമായി സർവ്വീസിൽ തുടരുന്നവരുമായവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഭരണപരിഷ്കാര വകുപ്പ് എല്ലാ വകുപ്പുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു വരുന്നു. തുടർന്ന് ഒക്ടോബർ 1998-ൽ പി.എസ്.സി. റാങ്ക്ഹോൾഡേഴ്സ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ താൽക്കാലികമായി ജോലി ചെയ്യുന്ന നഴ്സുമാരെ സ്ഥിരപ്പെടുത്തുന്ന കാര്യം ആരോഗ്യ വകുപ്പിന് പരിഗണിക്കാൻ നിർവാഹമില്ല. പൊതു തീരുമാനത്തിനു വിധേയമായി മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly